പതിനാലാം കേരള നിയമസഭ

1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 18.07.2016-ൽ

ചോദ്യം നമ്പർ. 2240 മറുപടിക്ക്

പൊതുമേഖലയിൽ പാറഖനനം

ചോദ്യം ഉത്തരം

ശ്രീമതി.വീണാ ജോർജ്ജ് ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാറഖനനം പൊതുമേഖലയിൽ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | കോടികളുടെ നികുതി വെട്ടിപ്പാണ് ഈ മേഖലയിൽ നടക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | പാറയുടെ വില നിയന്ത്രണ വിധേയമാക്കുന്നതിനും നിർമ്മാണ മേഖലയിൽ ഇടപെടൽ നടത്തുന്നതിനും കഴിയുമോ എന്ന് അറിയിക്കുമോ? | (സി) | മൈനിംഗ് & ജിയോളജി വകുപ്പ് നിശ്ചയിക്കുന്ന റോയൽറ്റി, റവന്യൂ വകുപ്പ് ഈടാക്കുന്ന സീനിയറേജ് എന്നിവയ്ക്ക് ആനുപാതികമായാണ് പാറയുടെ വില നിശ്ചയിക്കുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി അതിഭീമമായി വില വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് തടയുവാനായി നിയമ പരമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.<br><br>നിലവിൽ നിർമ്മാണ മേഖലയിൽ ഏറ്റവുമധികം ദൗർലഭ്യം നേരിടുന്ന മണൽ സർക്കാർ ഏജൻസിയായ കലവറ മുഖേന വിതരണം നടത്തി വരുന്നുണ്ട്. മറ്റ് നിർമ്മാണ സാമഗ്രികൾ ഇത്തരത്തിൽ വിതരണം ചെയ്യുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ